മാതൃകാ കോളനി നിർമ്മാണം

191 (4774) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. ജോസഫ് വാഴക്കൻ :

ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാടുബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) പട്ടികവർഗ്ഗക്കാർക്കായി മാതൃകാ കോളനികളുടെ നിർമ്മാണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എത്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുന്നത് എന്നറിയിക്കുമോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് പദ്ധതി നടപ്പാക്കാൻ എത്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരു കോളനിയിൽ ചുരുങ്ങിയത് അഞ്ച് ഏക്കർ സ്ഥലത്ത് പരമാവധി 25 (ഇരുപത്തിയഞ്ച്) കുടുംബങ്ങളുടെ പുനരധിവാസത്തിനായി വീട്, അനുബന്ധ സൗകര്യങ്ങൾ, കോളനിയിലേക്ക് ടാറിട്ട റോഡ്, വൈദ്യുതി, കുടിവെള്ളം, കൃഷി ഫാം, കമ്മ്യൂണിറ്റി ഹാൾ, അംഗൻവാടി തുടങ്ങിയ എല്ലാ അടിസ്ഥാന സൗകര്യങ്ങളോടും കൂടിയ സ്വയംപര്യാപ്ത കോളനി സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) മാതൃകാ കോളനി സ്ഥാപിക്കുന്നതിന്റെ ഭാഗമായി ഓരോ കോളനിയിലും 25 വീടുകൾ വീതം ആകെ 125 വീടുകൾ നിർമ്മിക്കുന്ന പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തികൾ കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിച്ചിരിക്കുകയാണ്. ഭവന നിർമ്മാണം അന്തിമഘട്ടത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly